മുഹമ്മദ് ശമീം




# വിധേയൻ

## ഇന്ത്യ-അമേരിക്ക തന്ത്രബന്ധങ്ങളുടെ രാഷ്ട്രീയം

***വിധേയൻ*** എന്ന അടൂർ ഗോപാലകൃഷ്ണന്റെ സിനിമയിലും, സക്കറിയയുടെ *ഭാസ്കരപട്ടേലരും എന്റെ ജീവിതവും* എന്ന കഥയിലും, മഹാപ്രമാണിയും കടുത്ത അധാർമികനുമായ ഭാസ്കരപട്ടേലരുടെ മേധാവിത്വവും തൊമ്മിയുടെ വിധേയത്വവുമാണ് പ്രമേയം. ഒരു പക്ഷേ, അടൂരിന്റെ ഏറ്റവും നല്ല രാഷ്ട്രീയ ചിത്രം ഇതാണ്. തന്റെ മാത്രം സ്വന്തമെന്ന് തൊമ്മി കരുതുന്ന ഭാര്യയുടെ ഉടലിനുമേൽ ആദ്യം ബലം പ്രയോഗിച്ചും പിന്നെ അതില്ലാതെയും നടത്തിയ അധിനിവേശത്തിലൂടെയാണ് പട്ടേലർ തൊമ്മിയുടെ മേൽ തന്റെ ആധിപത്യം സ്ഥാപിച്ചെടുത്തത്. 'ചെറുത്തുനിൽപിന്റെ അപകട'ത്തെക്കുറിച്ച ബോധവും നിലനിൽപിനെക്കുറിച്ച ചിന്തയും തൊമ്മിയിൽ ലജ്ജാശൂന്യമായ വിധേയത്വമുണ്ടാക്കുന്നു. ചിത്രത്തിൽ, ഒരു സന്ദർഭത്തിലയാൾ ഭാര്യയോടിങ്ങനെ പറയുന്നു: 'ഓമനേ, നിനക്കിപ്പം യജമാനരുടെ സെന്റിന്റെ വാസന'. ഈ വാസന തനിക്കിഷ്ടമാണെന്നു തുറന്നുപറയാനും അയാൾ മടിച്ചില്ല. ഒരു പക്ഷേ, ഇപ്പോളയാൾ ഭാര്യയെ ഇഷ്ടപ്പെടുന്നതും ഈ വാസനയുടെ പേരിൽത്തന്നെയാവും. അയാളതിനോട് ഇങ്ങനെ കൂട്ടിച്ചേർത്തു: 'എന്നാലും നീ എന്റേതു മാത്രം'.

ഇപ്പറഞ്ഞതുപോലെയാണ് കഴിഞ്ഞ കുറേ വർഷങ്ങളിലായി നമ്മുടെ പ്രധാനമന്ത്രിമാർ ചെങ്കോട്ടപ്പുറത്തു കയറിനിന്ന് നടത്തുന്ന, രാജ്യത്തിന്റെ സ്വാതന്ത്ര്യത്തേയും പരമാധികാരത്തേയും കുറിച്ച ഓർമപ്പെടുത്തലുകൾ. അമേരിക്കൻ സെന്റിന്റെ,

**സഹകരണം, പങ്കാളിത്തം എന്നീ വാക്കുകളിൽ പരസ്പരാംഗീകാരവും ആദരവുമുണ്ടെങ്കിലും, പ്രയോഗത്തിൽ ഇത് നിരുപാധിക വിധേയത്വം തന്നെയാണ്. അമേരിക്ക ഇന്ത്യയെ ഒരു സഖ്യരാഷ്ട്രമായല്ല, മറിച്ച് സാമന്തരാജ്യമായാണ് കാണുക. സത്യത്തിൽ ഒരു രാജ്യത്തിന്റേയും പരമാധികാരത്തെ അമേരിക്ക അംഗീകരിക്കുന്നില്ല.**

സാമ്രാജ്യത്വ ദുർമേദസ്സിന്റെ ചീഞ്ഞ ഗന്ധമുള്ള ഇന്ത്യയെയാണ് ഈ വിധേയന്മാർ ഇഷ്ടപ്പെടുന്നത്. സ്വതന്ത്രമായ വിദേശനയവും അതിലധിഷ്ഠിതമായ തീരുമാനശേഷിയുമുൾപ്പെടെ ഇന്ത്യയുടെ അന്തസ്സും ആഭിജാത്യവുമെല്ലാം സാമ്രാജ്യത്വപ്പട്ടേലർ കൊള്ളയടിക്കുന്നത് അവർ അഭിമാനത്തോടെ നോക്കി നിൽക്കുന്നു.

റാവു മന്ത്രിസഭയിൽ അംഗമായിരുന്നുകൊണ്ട്, രാജ്യത്തിന്റെ പരമാധികാരത്തെയും അന്തസ്സിനെയും ആഗോള കോർപറേറ്റുകളുടെ തൊഴുത്തിൽക്കെട്ടുന്ന പ്രക്രിയക്ക് തുടക്കംകുറിച്ച മൻമോഹൻ സിംഗാണ്, വിധേയത്വത്തിന്റെ ഏറ്റവും മികച്ച മാതൃക. ഗാന്ധിജിയുടെ സമാധിസ്ഥലം സന്ദർശിച്ച ജോർജ്ബുഷ് തന്റെ വളർത്തുനായയോടൊപ്പം നമ്മുടെ നേതാക്കന്മാരെ അകമ്പടിക്കാരാക്കി രാജ്ഘട്ടിൽ പ്രവേശിച്ച കാഴ്ച പ്രതീകാത്മകമാണ്. കേംബ്രിഡ്ജ് യൂനിവേഴ്സിറ്റിയിൽ നടത്തിയ പ്രഭാഷണത്തിൽ ഇന്ത്യയിലുണ്ടായിരുന്ന ബ്രിട്ടീഷ് അധിനിവേശ ഭരണത്തെ പ്രകീർത്തിക്കുകയും അതിനായി മഹാത്മാഗാന്ധിയുടെ വാക്കുകളെപ്പോലും വികലമായി വ്യാഖ്യാനിക്കുകയും ചെയ്ത സർദാർ മൻമോഹനെ, ബലാൽസംഗക്കാരനും പെണ്ണുപിടിയനുമായ ഭാസ്കരപട്ടേലരുടെ സെന്റിന്റെ മണം സ്വന്തം ഭാര്യയുടെ ഉടലിൽ നിന്നാസ്വദിച്ച് സായൂജ്യം കൊള്ളുന്ന തൊമ്മി ശരിക്കും പ്രതിനിധീകരിക്കുന്നുണ്ട്.

ഇപ്പോൾ ഐക്യനാടുകളുമായി പൂർണമായും തന്ത്രപരമായ സഹകരണവും പങ്കാളിത്തവും സ്ഥാപിക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. ഇതിന്റെ ഭാഗമായി വേണം ആണവസഹകരണത്തെയും വിലയിരുത്താൻ. സഹകരണം, പങ്കാളിത്തം എന്നീ വാക്കുകളിൽ പരസ്പരാംഗീകാരവും ആദരവുമുണ്ടെങ്കിലും, പ്രയോഗത്തിൽ ഇത് നിരുപാധിക വിധേയത്വം തന്നെയാണ്. അമേരിക്ക ഇന്ത്യയെ ഒരു സഖ്യരാഷ്ട്രമായല്ല, മറിച്ച് സാമന്ത രാജ്യമായാണ് കാണുക. സത്യത്തിൽ ഒരു രാജ്യത്തിന്റേയും പരമാധികാരത്തെ അമേരിക്ക അംഗീകരിക്കുന്നില്ല. ആധിപത്യമോഹവും സാമ്രാജ്യതാൽപര്യങ്ങളുമാണ് യു.എസിന്റെ അടിത്തറ. ഇതിനു വഴങ്ങുകയെന്നതാണ് അവരാവശ്യപ്പെടുന്നതും നമ്മുടെ സർക്കാർ നിർവഹിക്കുന്നതും. ഇറാൻ ആണവപ്രശ്നം ഉദാഹരണം. ചേരിചേരാ രാഷ്ട്രങ്ങളുടെ സമ്മേളനശേഷം അധ്യക്ഷനായ മലേഷ്യൻ



**ഏതുനിലക്കും ലോകത്ത് കെടുതികളും ദുരിതങ്ങളും മാത്രം സമ്മാനിക്കുകയും ലോകജനതയുടെ സ്വാതന്ത്ര്യത്തിനും ജീവിക്കാനുള്ള അവകാശത്തിനുമേൽപോലും കടന്നാക്രമണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന, ഭീകര സാമ്രാജ്യത്വ രാജ്യവുമായി വിധേയത്വത്തിലധിഷ്ഠിതമായ സമ്പൂർണസഹകരണത്തിനു തന്നെയാണ് മൻമോഹൻ പുറപ്പെട്ടിരിക്കുന്നത്.**

പ്രതിനിധി സമാധാനപരമായ ആവശ്യങ്ങൾക്ക് ആണവോർജം വികസിപ്പിക്കുന്നതിൽ അലംഘനീയവും മൗലികവുമായ അവകാശം എല്ലാ രാജ്യങ്ങൾക്കുമുണ്ടെന്നു പ്രഖ്യാപിക്കുകയുണ്ടായി. ഈ തത്ത്വത്തോട് ഐ.എ.ഇ.എ ബോർഡിലെ പ്രമുഖ ചേരിചേരാ രാജ്യങ്ങൾ ഒരു പരിധിവരെ നീതിപുലർത്തി. ദക്ഷിണാഫ്രിക്ക, നൈജീരിയ, അൾജീരിയ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളൊന്നും യു.എസ്. താൽപര്യങ്ങളുടെ കൂടെ നിന്നില്ല.

എന്നാൽ ഇന്ത്യ തികച്ചും ന്യായവിരുദ്ധമായ ഇറാൻ വിരുദ്ധ നീക്കത്തിൽ അമേരിക്കയോടൊപ്പം നിന്നു. ഏതു നിലപാടും ഏതവകാശവും അംഗീകരിക്കേണ്ടത് അമേരിക്കയുടെ അംഗീകാരത്തിനു വിധേയമായി മാത്രമാവണമെന്ന വിധേയത്വ തത്ത്വശാസ്ത്രം അങ്ങനെ ഇന്ത്യ പ്രാവർത്തികമാക്കി.

യു.എസ് മൂലധന താൽപര്യങ്ങൾക്കൊത്താണ് റാവുവും വാജ്പേയിയും മൻമോഹനും നിലകൊണ്ടത്. ഇറക്കുമതി നയങ്ങളും പേറ്റന്റ് നിയമങ്ങളും ഭേദഗതി ചെയ്തതും വിദേശ നാണ്യ വിനിമയച്ചട്ടങ്ങൾ പരിഷ്കരിച്ചതുമൊക്കെ അതിനു വേണ്ടിത്തന്നെ. അങ്ങനെയാണ് ഇന്ത്യ ചേരിചേരാനയം ഉപേക്ഷിച്ച് അമേരിക്കയുമായി സൈനിക സുരക്ഷാ ബന്ധങ്ങളിലും ഏർപ്പെട്ടുതുടങ്ങിയത്. അതിനായി നാം അന്നുവരെ കൈക്കൊണ്ടിരുന്ന നിലപാടുകളെ ഉപേക്ഷിച്ചു. നമ്മുടെ പരമ്പരാഗത സുഹൃത്തുക്കളെ അന്യായമായി ശത്രുക്കളാക്കി. നരസിംഹറാവുവാണ് ഇസ്റായേലിന് ആദ്യമായി അംഗീകാരം കൊടുത്തത്. '95ൽ റാവു യു.എസുമായി പ്രതിരോധ സഹകരണത്തിനുള്ള ഉഭയകക്ഷി ധാരണയിലേർപ്പെട്ടു. എൻ.ഡി.എ ഭരണകാലത്ത് ഇത്തരം പ്രവണതകൾ തീവ്രമായി. സംയുക്ത സൈനികാഭ്യാസങ്ങൾ, മിസൈൽ പ്രതിരോധ സഹകരണങ്ങൾ തുടങ്ങിയവയിലേക്കത് വളർന്നു.

## പൊതുമിനിമം പരിപാടിയും ഇന്ത്യയുടെ വിദേശനയവും

ഇപ്പോൾ മൻമോഹൻ സർക്കാർ ഐക്യനാടുകളുമായി തന്ത്രപരമായ സഖ്യത്തിനൊരുമ്പെടുകയാണ്. എന്നാൽ യു.എസിന്റെ സകല ബന്ധങ്ങളുടേയും പ്രേരകങ്ങൾ സ്വന്തം കുത്തകതാൽപര്യങ്ങളും സാമ്രാജ്യത്വ മോഹങ്ങളും മാത്രമാകുന്നു. ആ അർഥത്തിൽ ഇന്ത്യയുമായുള്ള ബന്ധത്തിൽ യു.എസ് വലിയ സാധ്യതകൾ കാണുന്നുമുണ്ട്. ഏഷ്യയുമായി ബന്ധപ്പെട്ട താൽപര്യങ്ങളും ഇറാനെതിരായ നടപടികളും പൂർത്തീകരിക്കുന്നതിന് ഇന്ത്യയുമായുള്ള ബന്ധം തങ്ങൾക്ക് ഏറെ സഹായകരമാകുമെന്ന് അമേരിക്ക മനസ്സിലാക്കുന്നു.

ഈയടിസ്ഥാനത്തിൽതന്നെയാണ് ഇപ്പോൾ ആണവസഹകരണക്കരാറും രൂപപ്പെടുത്തിയിട്ടുള്ളത്. ഇത് നടപ്പാക്കുന്നതിൽ അമേരിക്ക കാണിക്കുന്ന അമിതാവേശം ഇന്ത്യയോടുള്ള ഗുണകാംക്ഷ കൊണ്ടല്ലെന്ന് വ്യക്തം.

പരമ്പരാഗത വിദേശ നയനിലപാടുകളെ മാത്രമല്ല, യു.പി.എ-ഇടതുമുന്നണി ഏകോപനസമിതി അംഗീകരിച്ച പൊതുമിനിമം പരിപാടിയെയും പ്രധാനമന്ത്രി പലതവണ പാർലമെന്റിനു നൽകിയ ഉറപ്പുകളെയുമെല്ലാം ലംഘിച്ചുകൊണ്ടുള്ള നീക്കമാണ് സർക്കാർ നടത്തുന്നത്. പൊതുമിനിമം പരിപാടിയിൽ വിദേശനയം സംബന്ധിച്ച് ഇങ്ങനെ പറയുന്നു: "ഇന്ത്യയുടെ കഴിഞ്ഞകാല പാരമ്പര്യം സംരക്ഷിക്കുന്ന തരത്തിൽ സർക്കാർ സ്വതന്ത്ര വിദേശനയം പിന്തുടരും. ഈ നയം ലോകബന്ധങ്ങളിൽ ബഹുധ്രുവത പ്രോത്സാഹിപ്പിക്കുന്നതും ഏകപക്ഷീയതക്കായുള്ള എല്ലാ നീക്കങ്ങളേയും ചെറുക്കുന്നതുമാണ്."

പൊതുമിനിമം പരിപാടിയുടെ കരടിൽ അമേരിക്കയുമായി തന്ത്രപരമായബന്ധം സ്ഥാപിക്കുന്നതിനെപ്പറ്റി പരാമർശമുണ്ടായിരുന്നു. ഇതിനെതിരെ ഇടതുപക്ഷത്തുനിന്ന് ശക്തമായ സമ്മർദമുണ്ടായി. അത് ഇങ്ങനെ തിരുത്തുകയും ചെയ്തു: "അമേരിക്കൻ ഐക്യനാടുകളുമായി അടുത്ത ബന്ധവും ഇടപാടുകളും തുടരുമ്പോൾത്തന്നെ യു.പി.എ. സർക്കാർ എല്ലാ പ്രാദേശിക, ആഗോള പ്രശ്നങ്ങളിലും ഇന്ത്യയുടെ സ്വതന്ത്രവിദേശനയവും നിലപാടുകളും ഉയർത്തിപ്പിടിക്കും."

തന്ത്രപരമായ സഹകരണമെന്നത് പൊതുമിനിമം പരിപാടിയിൽ നീക്കം ചെയ്യപ്പെട്ടെങ്കിലും 2004 ജൂണിൽ പാർലമെന്റിൽ നടന്ന, രാഷ്ട്രപതിയുടെ പ്രസംഗത്തിൽ യു.എസ്സുമായി തന്ത്രപരമായ ബന്ധം തുടരുമെന്ന് പ്രഖ്യാപനമുണ്ടായി.

രാഷ്ട്രീയമായും സാമ്പത്തികമായും പ്രതിരോധം പോലുള്ള മേഖലകളിലും മൂലധനവുമായി ബന്ധപ്പെട്ട അമേരിക്കൻ താൽപര്യങ്ങൾക്ക് വിധേയപ്പെടുക എന്നതാണ് തന്ത്രപരമായ ബന്ധം എന്നതിനർഥം.

## സാമ്പത്തികനിലപാടുകൾ

മൻമോഹന്റെ കാർമികത്വത്തിലാരംഭിച്ച ഉദാരവൽക്കരണപ്രക്രിയ എത്രത്തോളം ജനവിരുദ്ധമായിരുന്നുവെന്നും ആഗോള മൂലധന ശക്തികൾക്ക് അത് ഏതളവിൽ പ്രയോജനം ചെയ്തുവെന്നും ഇന്ന് നമുക്ക് മനസ്സിലാക്കാനാവുന്നുണ്ട്. വിദർഭ മുതൽ വയനാട് വരെയുള്ള ആയിരക്കണക്കായ കർഷകരുടെയും കർഷകകുടുംബങ്ങളുടെയും കൂട്ട ആത്മഹത്യകൾ, പൊതു വിതരണത്തിലും സബ്സിഡികളിലുമുണ്ടായ നിയന്ത്രണങ്ങൾ വഴി പട്ടിണിയിലായ ജനലക്ഷങ്ങൾ തുടങ്ങി ഇപ്പോൾ ഭക്ഷ്യക്ഷാമവും പണപ്പെരുപ്പവും മൂലം ദുരിതത്തിലായ നാടു തന്നെയും മൻമോഹൻ തുടങ്ങിവെച്ച ഘടനാപരമായ പരിഷ്കാരങ്ങളുടേയും ഉദാരവൽകരണ പ്രക്രിയയുടേയും ഫലങ്ങളാണ്. ദുരിതബാധിതരുടെ മുതുകുകളിൽ ചവിട്ടിനിന്നുകൊണ്ടാണ് മൻമോഹൻ വികസനത്തെക്കുറിച്ചും സാമ്പത്തിക പുരോഗതിയെക്കുറിച്ചും പറയുന്നത്.

ആണവകരാറിന്റെ മുന്നോടിയായി പ്രതിരോധ രംഗത്തും സാമ്പത്തിക രംഗത്തും തന്ത്രപരമായ പങ്കാളിത്തത്തിനുള്ള ധാരണകൾ രൂപപ്പെട്ടിട്ടുണ്ട്. ഇന്ത്യ-യു.എസ് തന്ത്രപരമായ സാമ്പത്തിക പങ്കാളിത്തമെന്ന പേരിൽ ഇന്ത്യ-യു.എസ് സി.ഇ.ഒ ഫോറം അംഗീകരിച്ച വളരെ അസന്തുലിതമായ ശിപാർശകളടങ്ങുന്ന റിപ്പോർട്ട് അമേരിക്കൻ കോർപറേറ്റുകളുടെ താൽപര്യങ്ങൾക്കൊത്തവണ്ണം ഇന്ത്യൻ സമ്പദ്ഘടനയെ പരിഷ്കരിക്കാനുള്ള ആവശ്യമുൾക്കൊള്ളുന്നതാണ്. എ.ഇ.എൻ കോർപറേഷൻ, കാർഗിൽ, സിറ്റിഗ്രൂപ്പ്, പെപ്സികോ, സെറോസ്, വിസാ ഇന്റർനാഷണൽ തുടങ്ങിയ അമേരിക്കൻ കമ്പനികളും ടാറ്റ, റിലയൻസ്, ഐ.ടി.സി, ഇൻഫോസിസ് ടെക്നോളജി, മാക്സ് ഇന്ത്യ, ഐ.സി.ഐ.സി.ഐ, അപ്പോളോ ഹോസ്പിറ്റൽസ്, ബയോകോൺ തുടങ്ങിയ ഇന്ത്യൻ കമ്പനികളും അടങ്ങിയ സി.ഇ.ഒ ഫോറത്തിന്റെ റിപ്പോർട്ട് 2006 മാർച്ചിൽ നടന്ന മൻമോഹൻ-ബുഷ് സംയുക്ത പ്രസ്താവനയിൽ സ്വാഗതം ചെയ്യുകയുമുണ്ടായി. ഉദാരവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനും ഊന്നൽ നൽകുന്ന ഈ റിപ്പോർട്ട് ഇന്ത്യക്കുമേൽ കൂടുതൽ ബാധ്യത അടിച്ചേൽപിക്കുന്നതും ബഹുരാഷ്ട്ര കുത്തകകളുടെ രാക്ഷസീയ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതുമാണ്.

മൻമോഹൻ-ബുഷ് സംയുക്ത പ്രസ്താവനക്കു മുന്നോടിയായി വൈറ്റ്ഹൗസിൽ നിന്നും 2006 മാർച്ച് രണ്ടിനു പുറപ്പെടുവിച്ച കുറിപ്പിൽ സിവിൽ ആണവ സഹകരണത്തോടൊപ്പം നയതന്ത്രപരമായ പങ്കാളിത്തത്തെപ്പറ്റിയും അതിലെ സമ്പദ്വ്യവസ്ഥ, ജനാധിപത്യം, ഊർജവും പരിസ്ഥിതിയും, സുരക്ഷ തുടങ്ങിയ വകുപ്പുകളെപ്പറ്റിയും പറയുന്നതുകാണാം. ഏതുനിലക്കും ലോകത്ത് കെടുതികളും ദുരിതങ്ങളും മാത്രം സമ്മാനിക്കുകയും ലോകജനതയുടെ സ്വാതന്ത്ര്യത്തിനും ജീവിക്കാനുള്ള അവകാശത്തിനുമേൽപ്പോലും കടന്നാക്രമണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന, ഭീകര സാമ്രാജ്യത്വ രാജ്യവുമായി വിധേയത്വത്തിലധിഷ്ഠിതമായ സമ്പൂർണസഹകരണത്തിനു തന്നെയാണ് മൻമോഹൻ പുറപ്പെട്ടിരിക്കുന്നതെന്നർഥം. ഈ പശ്ചാത്തലത്തിൽ നിന്നു മാറിനിന്നുകൊണ്ടല്ല ആണവകരാറും ചർച്ച ചെയ്യേണ്ടത്.

ഊർജപ്രതിസന്ധിയുടെ പരിഹാരത്തിനെന്നപേരിൽ കരാർ നടപ്പാക്കാൻ ശ്രമിക്കുന്നതും ഊർജമേഖലയിലുള്ള അമേരിക്കൻ സ്ഥാപിത താൽപര്യങ്ങളുടെ ഭാഗമായാണെന്ന് സംശയിക്കേണ്ടതുണ്ട്. എണ്ണ ഇറക്കുമതിയും മറ്റുമായി ബന്ധപ്പെട്ട് ഇന്ത്യ മറ്റു രാജ്യങ്ങളുമായി സഹകരണത്തിലേർപ്പെടുന്നതിനെ അമേരിക്ക എതിർക്കുന്നതും അതിന്റെ പേരിലാണ്. ഇറാനിൽ നിന്നുള്ള വാതകപൈപ്പ്ലൈൻ പദ്ധതി നമുക്കുപേക്ഷിക്കേണ്ടിവരുന്നതും അതുകൊണ്ടുതന്നെ.

വൈദ്യുത പ്രതിസന്ധിയെന്ന വർത്തമാനം സൃഷ്ടിക്കപ്പെടുന്നതുതന്നെ യു.എസ്. കമ്പനികൾക്കുവേണ്ടിയാണ്. ഈ കമ്പനികളുടെ വൈദ്യുതിയുൽപാദനോപകരണങ്ങളുടെ വിപണനമാണ് ലക്ഷ്യം. എന്നാൽ എല്ലാം ഈ രാജ്യത്തിലെ ജനങ്ങൾക്കും രാജ്യത്തിന്റെ പുരോഗതിക്കും വേണ്ടിയെന്ന് നാട്യം. ഊർജമേഖലയുടെ സമ്പൂർണ സ്വകാര്യവൽകരണവും ഇന്നിലയിൽത്തന്നെ കമ്പനികൾ ലക്ഷ്യമിടുന്നുണ്ട്. ഇന്ത്യയിലെ നൂറുകോടി ജനങ്ങളെ ഡിജിറ്റൽ നെറ്റ്വർക്കിലേക്ക് കൊണ്ടുവരാൻ വൈദ്യുതമേഖലയെ സ്വകാര്യ

**ആഭ്യന്തര നിയമങ്ങൾക്കു വിധേയമായി മാത്രമേ ആണവകരാർ നടപ്പാവൂ എന്ന് കരാറിൽ പറയുന്നുണ്ട്. എൻ.പി.ടിയിൽ ഒപ്പുവെച്ചിട്ടില്ലാത്ത രാജ്യമായ ഇന്ത്യയുമായി ആണവസഹകരണത്തിന് അമേരിക്കൻ നിയമം തടസ്സം നിൽക്കുന്നുണ്ട്. അവിടെ ഇന്ത്യക്കുമേൽ ചില നിബന്ധനകൾ ചുമത്തുകയാണ് ഹൈഡ് ആക്ട്.**

വൽക്കരിക്കൽ അനിവാര്യമാണെന്ന് General Electric സി.ഇ.ഒ ആയിരുന്ന ജാക് വെൽഷ് പ്രസ്താവിക്കുകയുണ്ടായി.

സ്വകാര്യവൽക്കരിക്കപ്പെട്ടതും ആണവ ഇന്ധനമുപയോഗിച്ചുള്ളതുമായ വില കൂടിയ വൈദ്യുതി നമ്മുടെ പട്ടിണിപ്പാവങ്ങൾക്കുവേണ്ടിയാണെന്ന പ്രഖ്യാപനം വലിയൊരു തമാശയാണ്. നഗരങ്ങളിലും സമ്പന്ന ഇടങ്ങളിലും വൈദ്യുതി ധൂർത്തടിക്കപ്പെടുന്നതാണ് നമ്മുടെ വൈദ്യുത മേഖല നേരിടുന്ന വലിയൊരു പ്രശ്നം. അതങ്ങനെയായിരിക്കെത്തന്നെ ദരിദ്രമേഖലകളിൽ വൈദ്യുതി ദുർലഭമോ അപ്രാപ്യമോ ആയിരിക്കുന്നതും നാം കാണുന്നു. ഗ്രാമങ്ങളിലുള്ള 70 ശതമാനം വീടുകളിലും വൈദ്യുതീകരണം നടന്നിട്ടില്ല. ബീഹാർ പോലുള്ള സംസ്ഥാനങ്ങളിലെ 80 ശതമാനത്തോളം വരുന്ന ദരിദ്ര, ദലിത് വിഭാഗങ്ങൾക്കും വൈദ്യുതി ലഭ്യമായിട്ടില്ല. ഊർജമേഖലയിൽ ഏറ്റവും ചെലവേറിയ (താപവൈദ്യുതിയുടെ ഏതാണ്ട് രണ്ടേമുക്കാലും ജലവൈദ്യുതിയുടെ മൂന്നരയും ഇരട്ടി) ആണവ വൈദ്യുതി കൊണ്ട് ഈ പാവങ്ങൾക്കെന്തു പ്രയോജനമുണ്ടാകും?

നമ്മുടെ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുകൾ തകർന്നുപോകുന്നത് വ്യാപകമായ വൈദ്യുതി മോഷണം കൊണ്ടാണെന്ന വിലയിരുത്തലും നിലവിലുണ്ട്. (2000 ജൂലൈ 31 ലെ *ഔട്ട്‌ലുക്ക്* വാരികയിൽ നീരജ്മിശ്ര എഴുതിയ Megawatt thieves എന്ന ലേഖനം, അരുന്ധതി റോയിയുടെ ഊർജരാഷ്ട്രീയം: റംപെൽസ്റ്റിൽറ്റ് സ്കിന്നിന്റെ പുനരവതാരം എന്ന പഠനം). കറന്റുമോഷണം കൊണ്ട് സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം മധ്യപ്രദേശ്, ആന്ധ്ര, ഒറീസ്സ, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങളിൽ ആകെയുണ്ടാകുന്ന കമ്മിയുടെ 30 മുതൽ 50 വരെ ശതമാനമാണത്രേ.

ഇനിയും ആണവകരാർ കൊണ്ട് നമ്മുടെ പ്രതിസന്ധി (അങ്ങനെയൊന്നുണ്ടെങ്കിൽ) എത്രത്തോളം പരിഹരിക്കാൻ സാധിക്കും? ഇപ്പോൾ മൊത്തം ഊർജോൽപാദനത്തിന്റെ മൂന്നു ശതമാനമാണ് ആണവവൈദ്യുതി. സർക്കാറിന്റെ ലക്ഷ്യം 2020 ആകുമ്പോഴേക്കും ഏഴു ശതമാനം. ഇതിനുവേണ്ടിയാണ് പരമാധികാരം പോലും അടിയറ വെച്ചുകൊണ്ടൊരു കരാർ.

## അട്ടിമറിക്കപ്പെടുന്ന സ്വതന്ത്ര വിദേശനയം

ഇന്ത്യ-യു.എസ് സംയുക്ത പ്രസ്താവനകളിലെല്ലാം ജനാധിപത്യം, സ്വാതന്ത്ര്യം എന്നിവക്ക് ഊന്നൽ നൽകുന്നതു കാണാം. ഇവരണ്ടും ഉത്തമമായ മൂല്യങ്ങളായിരിക്കെത്തന്നെ അമേരിക്ക ഇവകൊണ്ടെന്താണ് ലക്ഷ്യമാക്കുന്നതെന്നു ചിന്തിക്കണം. അമേരിക്കൻ നിയന്ത്രണത്തിലുള്ള ജനാധിപത്യ സംരക്ഷണ വേദികളുടെ ലക്ഷ്യം അവരുടെ ആധിപത്യത്തെ അംഗീകരിക്കാത്ത ഭരണകൂടങ്ങളെ ജനാധിപത്യ സംസ്ഥാപനത്തിന്റെ പേരിൽ തകർക്കുകയെന്നതാണ്. ഇറാൻ, വെനിസ്വേല, സിറിയ, ക്യൂബ, സിംബാബ്‌വേ തുടങ്ങിയ രാജ്യങ്ങളിൽ ഭരണമാറ്റമുണ്ടാക്കുന്നതിനെപ്പറ്റി യു.എസ് ഭരണകൂടം ഇടക്കിടെ പ്രസ്താവനകൾ നടത്താറുണ്ട്. ഇതിനുവേണ്ടിത്തന്നെയാണ് ഭീകരവിരുദ്ധ സഖ്യവും ഉണ്ടാക്കുന്നത്. ഈ 'ജനാധിപത്യസംരക്ഷണ'ത്തിൽ പങ്കുവഹിക്കാനാണ് ഇന്ത്യയോട് യു.എസ്. ആവശ്യപ്പെടുന്നത്.

അമേരിക്കയുടെ ജനാധിപത്യക്കയറ്റുമതിയോട് എൻ.ഡി.എയും ജസ്വന്ത് സിംഗും വമ്പിച്ച ആഭിമുഖ്യമാണ് കാണിച്ചിരുന്നത്. അതിനേക്കാളും ആഘോഷത്തിമർപ്പിലാണ് ഇപ്പോൾ മൻമോഹനും കൂട്ടാളികളും. യു.എസ്. നിബന്ധനപ്രകാരം രൂപീകരിച്ച ഐക്യരാഷ്ട്ര ജനാധിപത്യനിധിക്ക് (യു.എൻ. ഡെമോക്രസി ഫണ്ട്) ഒരു കോടി ഡോളർ സംഭാവന യു.എസ് നൽകിയപ്പോൾ ആവേശത്തള്ളലിൽ ഇന്ത്യയും അത്രതന്നെ തുക വാഗ്ദാനം ചെയ്യുകയുണ്ടായി. ബുഡാപെസ്റ്റ് ആസ്ഥാനമായുള്ള ജനാധിപത്യപ്രവർത്തനങ്ങൾക്കായുള്ള അന്തർദേശീയ കേന്ദ്രത്തിൽ (ഐ.സി.ഡി.ടി) ഒരു പ്രതിനിധിയെ നിയോഗിക്കുമെന്നും സർക്കാർ പ്രഖ്യാപിച്ചു.

മര്യാദകെട്ട രീതിയിൽ നാം യു.എസ്സിനുവേണ്ടി നമ്മുടെ ചിരകാല സുഹൃത്തുക്കളെ പിണക്കുകയും ചെയ്യുന്നു. 2005 സെപ്റ്റംബറിലും 2006 ഫെബ്രുവരിയിലും ഐ.എ.ഇ.എയിൽ നാം ഇറാനെതിരെ വോട്ടുചെയ്തു. മേഖലയിൽ മറ്റൊരു ആണവായുധരാഷ്ട്രം ഉണ്ടാവാൻ നാം ഇഷ്ടപ്പെടുന്നില്ലെന്ന് അതിന് ന്യായവും പറഞ്ഞു. എന്നാൽ ഒന്നാമതായി തങ്ങളുടെ ആണവപരീക്ഷണങ്ങൾ ആയുധത്തിനുവേണ്ടിയല്ലെന്നും തങ്ങൾ ആണവായുധത്തിനെതിരാണെന്നും ഇറാൻ പ്രഖ്യാപിച്ചു കഴിഞ്ഞതാണ്. രണ്ടാമതായി മേഖലയിൽ ഇസ്രയേലിനു ഭീഷണിയായി ശക്തിയുള്ള ഒരു രാഷ്ട്രം നിലനിൽക്കരുതെന്നത് അമേരിക്കയുടെ താൽപര്യമാണ്. യഥാർഥത്തിൽ നാം ആരുടെ സ്വരത്തിലാണ് സംസാരിക്കുന്നത്?

## ഹൈഡ് ആക്ടിലെ കെണികൾ

ഇന്ത്യയുമായുള്ള ആണവസഹകരണം സംബന്ധിച്ച് ഐക്യനാടുകളുടെ 109-ാം കോൺഗ്രസിന്റെ രണ്ടാം സെഷനിൽ അംഗീകരിക്കപ്പെട്ട നിയമമാണ് ഹൈഡ് ആക്ട്. ഇത് ഇന്ത്യക്കു ബാധകമല്ലെന്ന പ്രചാരണം വഞ്ചനയാണ്. ആഭ്യന്തര നിയമങ്ങൾക്കു വിധേയമായി മാത്രമേ ആണവകരാർ നടപ്പാവൂ എന്ന് കരാറിൽ പറയുന്നുണ്ട്. എൻ.പി.ടിയിൽ ഒപ്പുവെച്ചിട്ടില്ലാത്ത രാജ്യമായ ഇന്ത്യയുമായി ആണവസഹകരണത്തിന് അമേരിക്കൻ നിയമം തടസ്സം നിൽക്കുന്നുണ്ട്. അവിടെ ഇന്ത്യക്കുമേൽ ചില നിബന്ധനകൾ ചുമത്തുകയാണ് ഹൈഡ് ആക്ട്. "Henry J. Hyde United States - India Peaceful Atomic Energy Co-operation Act of 2006" എന്നാണ് ഈ നിയമത്തിന്റെ പേര്. ഇന്ത്യൻ വിദേശനയം അമേരിക്കയുടെ വിദേശനയവുമായി ഒത്തിണങ്ങിപ്പോകുന്നതാവണമെന്ന് ഇതിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഇന്ത്യക്കുമേൽ ചുമത്തപ്പെടുന്ന ബാധ്യതകളുമായി ബന്ധപ്പെട്ട് അമേരിക്കൻ പ്രസിഡണ്ട് കോൺഗ്രസിന് റിപ്പോർട്ടു നൽകിക്കൊണ്ടിരിക്കണമെന്ന് ഈ നിയമത്തിൽ നിബന്ധനയുണ്ട്. ഇതിന്റെ 104-ാം സെക്ഷൻ അത്തരത്തിൽ റിപ്പോർട്ടു നൽകേണ്ട ചില കാര്യങ്ങളെ സൂചിപ്പിക്കുന്നു. 104 (സി) സബ്മിഷൻ ടു കോൺഗ്രസ് -എഫ് അനുസരിച്ച് ഇന്ത്യക്കുമേൽ സ്വയം അംഗീകരിച്ചിട്ടില്ലാത്ത പല നിയമങ്ങളും കരാറുകളും

ബാധകമായിത്തീരുന്നു. ഇതിലെത്തന്നെ ജി വകുപ്പിൽ ഇറാനെ ന്യൂക്ലിയർ ആയുധങ്ങളുണ്ടാക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നതിൽ ഇന്ത്യ എടുക്കുന്ന നടപടികളെക്കുറിച്ച വിവരണവും പെടുന്നു. 104 (ജി) - റിപോർട്ടിംഗ് ടു കോൺഗ്രസ് -ഇ (1) ൽ ഇറാനുമായി ബന്ധപ്പെട്ട കാര്യം കുറേക്കൂടി വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിൽ ഇറാനുമേൽ അതിന്റെ ആണവായുധ നിർമാണത്തിന്റെ പേരിൽ, എന്നല്ല യുറേനിയം സമ്പുഷ്ടീകരണത്തിനോ പുനഃചംക്രമണത്തിനോ ഉള്ള ശേഷി നേടുന്നതിന്റെ പേരിൽപ്പോലും പിന്തിരിപ്പിക്കൽ, ഒറ്റപ്പെടുത്തൽ തുടങ്ങി ഉപരോധം പോലും ഏർപ്പെടുത്തുന്നതിൽ ഇന്ത്യ യു.എസ്സുമായി പൂർണമായും പങ്കുചേരും എന്നുതന്നെ കൃത്യമായി പറയുകയാണവിടെ. ഇതിൽത്തന്നെ കെ വകുപ്പിൽ Proliferation Security Initiative ഉൾപ്പെടെ ഇന്ത്യക്കുമേൽ ബാധകമാകുന്ന മറ്റ് നിബന്ധനകളും കാണാം.

ഇത്രയൊക്കെ വിധേയപ്പെട്ടുകൊണ്ട് ഇന്ത്യ ആരുമായാണ് കരാറിലേർപ്പെട്ടിരിക്കുന്നത്? Z എന്ന ഓൺലൈൻ മാഗസിനിൽ 2003 സെപ്റ്റംബറിൽ വന്ന Richard Du Boff ന്റെ Mirror, Mirror on the wall - who is the biggest rogue of all? എന്ന ലേഖനത്തിൽ അമേരിക്ക നടത്തിയ 26 കരാർ ലംഘനങ്ങൾ എണ്ണിപ്പറയുന്നുണ്ട്. സാമ്രാജ്യത്വ താൽപര്യങ്ങളുടെ പേരിൽ കരാറുകളെയും പൊതുതാൽപര്യങ്ങളെപ്പോലും ലംഘിച്ച ചരിത്രമാണ് യു.എസിന്റേത്. അന്തർദേശീയ കരാറുകൾ, പരസ്പര ഉടമ്പടികൾ എന്നീയിനങ്ങളിൽപ്പെടുന്ന സൈനിക ഉടമ്പടികൾ, സുരക്ഷാ കരാറുകൾ, നിയമസംബന്ധമായ ധാരണകൾ, സമാധാന ഉടമ്പടികൾ, പരിസ്ഥിതി സംബന്ധമായ തീർപ്പുകൾ, സാങ്കേതിക ഇടപാടുകൾ തുടങ്ങിയ വ്യത്യസ്ത തരം കരാറുകളെ അമേരിക്ക ഏകപക്ഷീയമായി ലംഘിച്ചിട്ടുണ്ട്. ലോകത്തിലെ ഏറ്റവും ഭീകരനായ ഈ വഞ്ചക ശക്തിക്കുവേണ്ടിയാണ് നാം നമ്മുടെ മൂല്യങ്ങളെ ചവിട്ടിമെതിക്കുന്നത്. രാഷ്ട്രീയ സദാചാര ചിന്തകളെ മുഴുവൻ തകർക്കുന്ന പൊറാട്ടുനാടകങ്ങളാണ് ഡൽഹിയിൽ ഇതിന്റെ പേരിൽ അരങ്ങേറിയത്.

അന്തസ്സും സ്വാതന്ത്ര്യബോധവുമുള്ള എല്ലാ ഇന്ത്യക്കാരും പൊരുതട്ടെ. അതിനുകഴിയില്ലെങ്കിൽ നാണമുണ്ടെങ്കിൽ കിടപ്പുമുറിയിൽ അടച്ചിരിക്കുകയെങ്കിലും ചെയ്യട്ടെ. ■